LIBRARY ARCHIVES Kerala Legislative Assembly

ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക മുതലായ മുൻകാലങ്ങളിൽ സ്വീകരിച്ചിരുന്ന നടപടികൾ തുടരുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ പ്രസരണനഷ്ടം കുറയ്ക്കുന്നതിനും ഭാവിയിലെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും ലക്ഷ്യമിട്ട് ദീർഘകാലാടിസ്ഥാനത്തിൽ ആവിഷ്കരിച്ചിട്ടുള്ള ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തീകരിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്ന മുറയ്ക്ക് കൂടുതൽ സാങ്കേതികപഠനം നടത്തി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഘടകപ്രവൃത്തികൾ പരിഷ്കരിക്കുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഏകദേശം 10,000 കോടി രൂപയാണ് ട്രാൻസ്ഗ്രിഡ് പദ്ധതിക്കായി പ്രാഥമികമായി ചെലവ് കണക്കാക്കിയിട്ടുള്ളത്.

(ബി) എങ്കിൽ ഇതിനാവശ്യമായ തുക എപ്രകാരം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ 10,000 കോടി രൂപ പ്രധാനമായും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസന നിധിയായ കിഫ്ബിയിൽനിന്നും വായ്പയായി സമാഹരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതിയുടെ നൂതനത്വം കണക്കിലെടുത്ത് കേന്ദ്രാവിഷ്കൃത പി.എസ്.ഡി.എഫ് - ഫണ്ടിൽ നിന്നും 400 കോടി രൂപ ഗ്രാന്റ് ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്ര പദ്ധതിയായ ഗ്രീൻ എനർജി കോറിഡോർ-II (GEC-II) പദ്ധതിയിൽ നിന്നുള്ള ധനസഹായവും ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ ചില പ്രവൃത്തികൾക്ക് പ്രതീക്ഷിക്കുന്നുണ്ട്. ശേഷിക്കുന്ന തുക കെ.എസ്.ഇ.ബി.-യുടെ തനതുഫണ്ടിൽനിന്നും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് നടപ്പിലാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദീകരിക്കുമോ?

ട്രാൻസ്ഗ്രിഡ് പദ്ധതി രണ്ടുഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. ഒരു 400 കെ.വി. സബ്സ്റ്റേഷനും പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളും ലക്ഷ്യമിടുന്ന ഒന്നാം ഘട്ടം 2022-ലും രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളും പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്ന രണ്ടാം ഘട്ടം 2024-ലും പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വൈദ്യുതി ഉത്പാദനത്തിലെ വർദ്ധനവ്

210(224) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസത്തിൽ സംസ്ഥാനത്തിന്റ ശരാശരി പ്രതിദിന വൈദ്യുതി ഉത്പാദനവും ഉപഭോഗവും എത്ര യൂണിറ്റ് വീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

2016 മേയ് മാസത്തിൽ സംസ്ഥാനത്തിന്റെ ശരാശരി പ്രതിദിന വൈദ്യുതി ഉത്പാദനം 13.42 ദശലക്ഷം യൂണിറ്റും പ്രതിദിന ശരാശരി ഉപഭോഗം ഏകദേശം 68.853 ദശലക്ഷം യൂണിറ്റും ആയിരുന്നു.

(ബി) 2021 മേയ് മാസത്തിലെ ശരാശരി പ്രതിദിന വൈദ്യുതി ഉത്പാദനവും ഉപഭോഗവും എത്ര യൂണിറ്റ് വീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

2021 മേയ് മാസത്തിൽ സംസ്ഥാനത്തിന്റെ ശരാശരി പ്രതിദിന വൈദ്യുതി ഉത്പാദനം 25.117 ദശലക്ഷം യൂണിറ്റും പ്രതിദിന ശരാശരി ഉപഭോഗം ഏകദേശം 66.186 ദശലക്ഷം യൂണിറ്റും ആയിരുന്നു.

(സി) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ വൈദ്യുതി ഉത്പാദനത്തിൽ എത്ര മെഗാ വാട്ട് അധിക ഉത്പാദനം കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ ജലവൈദ്യുത പദ്ധതികളായ വെള്ളത്തൂവൽ (3.6 MW), പെരുന്തേനരുവി (6 MW), കക്കയം (3 MW) എന്നീ പദ്ധതികൾ പൂർത്തീകരിച്ച് ആകെ 12.6 MW വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചു. മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ (2016-2021) സൗരോർജ്ജ വൈദ്യുതോത്പ്പാദനത്തിൽ ആകെ 284.3005 MW വൈദ്യുതിയുടെ അധിക ഉല്പാദനം ഉണ്ടായിട്ടുണ്ട്. ഇതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ അനെർട്ട് 16 മെഗാവാട്ട് സോളാർ ഓഫ് ഗ്രിഡ് നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ (2016-2021) എനർജി മാനേജ്മെന്റ് സെന്റർ ചെറുകിട ജലവൈദ്യുത പദ്ധതി സെൽ മുഖാന്തരം സ്വകാര്യ സംരംഭകർക്ക് അനുവദിച്ചുനൽകിയ പദ്ധതികളിലൂടെ 20.50MW സ്ഥാപിതശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ഗ്രിഡിൽ കണക്ട് ചെയ്തു (പാതംകയം -8MW, കാരിക്കയം 2-ാം ഘട്ടം - 4.5MW, ആനക്കാംപോയിൽ - 8 MW). ഇതുകൂടാതെ ഇ.എം.സി. നേരിട്ട് നടപ്പിലാക്കിയ പദ്ധതികളുടെ ഇനത്തിൽ 25 പീക്കോ ജലവൈദ്യുത പദ്ധതികളും (30kW മൊത്തം സ്ഥാപിത ശേഷിയുള്ളവ) നടപ്പിലാക്കിയിരുന്നു. ഇതുകൂടാതെ ഒരു 20kW സ്ഥാപിതശേഷിയുള്ള വോർട്ടെക്സ് സാങ്കേതികവിദ്യ ഉപയോഗിച്ച് വൈദ്യുതി ഉണ്ടാക്കുന്ന പദ്ധതിയും (കാടുവെട്ടി) നിർമ്മിച്ച് ഗ്രിഡിൽ കണക്ട് ചെയ്തിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.